## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1571** **31.01.2018- ൽ മറുപടിയ്ക്ക്**

### റബ്ബർ ഇൻസന്റീവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി.സി. ജോർജ്ജ്** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) 2017 ജൂലൈ മുതൽ നാളിതുവരെ ബില്ല് നൽകിയ റബ്ബർ കർഷകർക്ക് ആർക്കുംതന്നെ റബ്ബർ ഇൻസന്റീവ് ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 16/01/2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച മുഴുവൻ ബില്ലുകളുടേയും സബ്സിഡി തുക കർഷകർക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 2017 നവംബർ മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെടും. |
| (ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകർക്ക് എത്ര കോടി രൂപാ ഇൻസന്റീവ് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം' പ്രകാരം ഇതുവരെ 466.31 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സ്കീം പ്രകാരമുള്ള സബ്സിഡി വിതരണം ചെയ്യുന്നത് ജൂലൈ മുതൽ ജൂൺ വരെയുള്ള കാലഘട്ടത്തിലെ ബില്ലുകളുടെ അടിസ്ഥാനത്തിലാണ്. ഇതു പ്രകാരം 2017 ജൂലൈ മുതൽ ജൂൺ വരെയുള്ള മൂന്നാം ഘട്ടമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലെ ബില്ലുകളിലായി ആകെ വിതരണം ചെയ്ത സബ്സിഡി തുകയായ 846 കോടി രൂപയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) റബ്ബർ ലാറ്റക്സിന്റെ ശരാശരി വിലയുടെ ഇൻസന്റീവ് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | റബ്ബറിന്റെ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ള 150 രൂപയിൽ നിന്നും ഒരു കിലോ റബ്ബർ ഷീറ്റ് ഉണ്ടാക്കുന്നതിനായുള്ള അധിക ചെലവായ 8 രൂപ കുറച്ച് കിട്ടുന്ന തുകയിൽ നിന്നും, റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന RSS-4, ലാറ്റക്സ് എന്നിവയുടെ വിലയിൽ ഏതാണോ |

കൂടുതൽ ആയത് കുറച്ചുള്ള തുകയാണ് നിലവിൽ ഒരു കിലോ ലാറ്റക്സിന് സബ്സിഡിയായി നൽകുന്നത്. ഇപ്രകാരം ലാറ്റക്സിന് സബ്സിഡി കണക്കാക്കുന്ന നിലവിലെ രീതി പുന: പരിശോധിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ഡി) റബ്ബർ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പ്രസ്തുത മേഖലകളിലെ ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും മറ്റ് ആൾക്കാരെയും ഉൾപ്പെടുത്തി മന്ത്രിതലത്തിൽ എത്രയുംവേഗം ഉന്നതയോഗം കൂടി റബ്ബർ കർഷകരുടെ ഇൻസന്റീവിനും മറ്റു കാര്യങ്ങൾക്കും പരിഹാരം ഉണ്ടാക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

## റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം
## റബ്ബർ സബ്സിഡിയുടെ ജില്ലയും ഘട്ടവും തിരിച്ചുള്ള കണക്ക്
(തുക കോടിയിൽ)

| | 2015-16 | 2016-17 | 2017-18 | **ആകെ** |
|---|---|---|---|---|
| തിരുവനന്തപുരം | 40.65 | 19.37 | 2.84 | **62.86** |
| കൊല്ലം | 57.22 | 24.71 | 3.15 | **85.08** |
| പത്തനംതിട്ട | 43.76 | 18.37 | 2.62 | **64.75** |
| ആലപ്പുഴ | 0 | 0 | 0 | **0** |
| കോട്ടയം | 81.22 | 28.48 | 4.81 | **114.51** |
| ഇടുക്കി | 24.11 | 8.33 | 2.08 | **34.52** |
| എറണാകുളം | 52.12 | 19.54 | 3.34 | **75** |
| തൃശ്ശൂർ | 19.85 | 6.98 | 1.13 | **27.96** |
| പാലക്കാട് | 59.64 | 19.96 | 3.15 | **82.75** |
| മലപ്പുറം | 64.36 | 23.16 | 3.50 | **91.02** |
| കോഴിക്കോട് | 19.57 | 6.35 | 1.06 | **26.98** |
| വയനാട് | 0 | 0 | 0 | **0** |
| കണ്ണൂർ | 96.80 | 29.53 | 2.94 | **129.27** |
| കാസർഗോഡ് | 38.34 | 11.77 | 1.19 | **51.3** |
| **ആകെ** | **597.64** | **216.55** | **31.81** | **846** |

*ബില്ലുകളുടെ അടിസ്ഥാനത്തിൽ ഘട്ടങ്ങളായി തിരിച്ചിട്ടുണ്ടെങ്കിലും ഒരു ഘട്ടത്തിൽ ഉൾപ്പെടുന്ന ബില്ലുകളിന്മേലുള്ള സബ്സിഡി തുടർന്നുള്ള ഘട്ടങ്ങളിലും വിതരണം ചെയ്യാറുണ്ട്.

Sunlatha
സെക്ഷൻ ഓഫീസർ